**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6** — **07-06-2021 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാർ അഞ്ച് വർഷകാലാവധിക്കുള്ളിൽ പി.എസ്.സി മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 25.05.2016 മുതൽ 20.05.2021 വരെ 1,61,361 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ്റി അറുപത്തി ഒന്ന് ) നിയമന ശിപാർശകളാണ് നൽകിയിട്ടുള്ളത്. |
| (ബി) | മുൻ സർക്കാർ വിവിധ വകുപ്പുകളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചു;വിശദമാക്കുമോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | പി.എസ്.സി പരീക്ഷ നടത്തിപ്പിലും റാങ്ക് ലിസ്റ്റ് തയ്യാറാക്കലിലും നിലവിൽ തുടർന്നു വരുന്ന വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാതെ, കൃത്യവിലോപം കാണിക്കുന്ന വകുപ്പ് മേലധികാരികൾ സംസ്ഥാനത്തുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി.യെ അറിയിക്കുവാൻ എല്ലാ വകുപ്പ്മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി അത് 2020 ഒക്ടോബർ 30 നകം പി.എസ്.സിയെ അറിയിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം പരിശോധന നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഇ) | പി.എസ്.സി പരീക്ഷാപരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് കർശന മാനദണ്ഡങ്ങൾ | (ഇ) | നിലവിൽ പരിഗണനയിൽ ഇല്ല. |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ